പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1686

01.11.2019-ൽ മറുപടിക്ക്

## സഞ്ചയ ഇ ഗവേണൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റവന്യൂ ലൈസൻസ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സഞ്ചയ ഇ-ഗവേണൻസ് പദ്ധതി ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; | എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റവന്യൂ ലൈസൻസ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സഞ്ചയ ഇ-ഗവേണൻസ് പദ്ധതി സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കൊച്ചി ഒഴികെയുള്ള കോർപ്പറേഷനുകളിലും 39 മുനിസിപ്പാലിറ്റികളിലും നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) കൊച്ചി നഗരസഭയിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | ബി) കൊച്ചി നഗരസഭ ഇ-ഗവേണൻസ് സംവിധാനത്തിനായി ഒരു സ്വകാര്യ ഏജൻസിയുടെ സോഫ്റ്റ് വെയർ ആണ് ഉപയോഗിച്ചുവരുന്നത്. ആയതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്നത്. |

| | | | |
|---|---|---|---|
| സി) | കൊച്ചി നഗരസഭ നികുതിയിനത്തിൽ പിരിച്ചെടുക്കേണ്ട കുടിശിക തുക എത്രയെന്ന് വിശദമാക്കാമോ? | സി) | 2019-20 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി ഇനത്തിൽ 16.58 കോടി രൂപയും തൊഴിൽ നികുതി ഇനത്തിൽ 6.03 കോടി രൂപയും പിരിച്ചെടുക്കുവാനുണ്ട്. |

സെക്ഷൻ ഓഫീസർ